# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പതിനാറ്

## രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരം

### (4)

Tue ഈ ദൂതിൽ നാം രാജ്യത്തിന്റെ ഭരണഘടനയുടെ വിളംബരത്തിന്റെ രണ്ടാമത്തെ ഭാഗത്തിലേക്കു വരുന്നു (5:13-16): അത് സ്വർഗരാജ്യത്തിലെ ജനത്തിന് ലോകത്തിന്മേലുള്ള സ്വാധീനത്തെ സംബന്ധിച്ചാണ്. രാജ്യജനം ദുഷിച്ച ഭൂമിക്ക് ഉപ്പും ഇരുണ്ട ലോകത്തിന് വെളിച്ചവും ആണ്.

## III. രാജ്യജനത്തിന് ലോകത്തിന്മേലുള്ള സ്വാധീനത്തെ സംബന്ധിച്ച്

രാജ്യജനത്തിന്റെ പ്രകൃതത്തെ വെളിപ്പെടുത്തിയതിനുശേഷം ഈ വിളംബരം അവരുടെ സ്വാധീനത്തെക്കുറിച്ചു പറയുന്നു. ഇവിടെ അനുക്രമം പ്രധാനമാണ്. രാജ്യജനത്തിന് 5:3-12-ൽ വിവരിച്ചിരിക്കുന്ന പ്രകൃതം ഇല്ലെങ്കിൽ അവർക്ക് ലോകത്തിന്മേൽ യാതൊരു സ്വാധീനവും ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. രാജ്യജനത്തിന്റെ സ്വാധീനം അവരുടെ പ്രകൃതത്തിൽനിന്ന്, അവർ എന്തായിരിക്കുന്നുവോ അതിൽനിന്ന് വരുന്നു. രാജ്യജനവും സഭാജനവുമായ നാം, നമ്മുടെ ആത്മാവിൽ ദരിദ്രരാണെങ്കിൽ, സ്വർഗരാജ്യത്തിന് നമ്മുടെ ആളത്തത്തിന്റെ ആഴങ്ങൾക്കുള്ളിൽ ഇടം ഉണ്ടായിരിക്കും. അപ്പോൾ നാം വിലപിക്കുകയും, സൗമ്യതയുള്ളവരായിരിക്കുകയും, നീതിക്കുവേണ്ടി വിശപ്പും ദാഹവുമുള്ളവരായിരിക്കുകയും, കരുണയുള്ളവരായിരിക്കുകയും, ഹൃദയശുദ്ധിയുള്ളവരായിരിക്കുകയും, സമാധാനം ഉണ്ടാക്കുന്നവരായിരിക്കുകയും, ഉപദ്രവം സഹിക്കുകയും, ക്രിസ്തുനിമിത്തം നിന്ദിക്കപ്പെടുകയും ചെയ്യും. നാം അങ്ങനെയുള്ള ജനമാണെങ്കിൽ, തീർച്ചയായും നമുക്കു ചുറ്റുമുള്ള ലൗകികരായ ജനത്തിന്മേൽ നാം ഒരു വലിയ സ്വാധീനം ചെലുത്തും. നാം ദുഷിച്ച ഭൂമിയെയും ഇരുണ്ട ലോകത്തെയും സ്വമേധയാ സ്വാധീനിക്കും.

ശരിയായ സഭാജീവിതത്തിന്റെ സ്വാധീനം ഇല്ലാതിരിക്കുന്നതുകൊണ്ട്, മുഴുവൻ ലോകവും ദുഷിച്ചതും ഇരുട്ടിലും ആണ്. വിവിധ രാജ്യങ്ങളിലുള്ള സാഹചര്യങ്ങളെ പഠിച്ചുകൊണ്ടും നിരീക്ഷിച്ചുകൊണ്ടും നിങ്ങൾ ലോകത്തിലുടനീളം സഞ്ചരിക്കുമെങ്കിൽ, ഏറ്റവും മോശമായ രണ്ടു സ്ഥലങ്ങൾ ശരിയായ സഭാജീവിതത്തിന്റെ സ്വാധീനമില്ലാത്ത രാജ്യങ്ങളായ ഫ്രാൻസും സ്വീഡനുമാണെന്ന് നിങ്ങൾ കാണും. കൂടാതെ, കത്തോലിക്കാമതത്തിന്റെ പ്രാമുഖ്യം നിമിത്തം മധ്യ അമേരിക്കയിലും തെക്കേ അമേരിക്കയിലും ഇരുട്ടല്ലാതെ മറ്റൊന്നുമില്ല. കത്തോലിക്കാമതം പ്രബലമായിരിക്കുന്നിടത്തെല്ലാം ഇരുട്ടും ദുഷിപ്പും ഉണ്ട്. ഇന്ന്, കർത്താവിന്റെ മടങ്ങിവരവിനു വേണ്ടിയുള്ള ഒരുക്കമെന്ന നിലയിൽ, ഇരുണ്ടതും ദുഷിച്ചതുമായ ഈ എല്ലാ രാജ്യങ്ങളെയും ശരിയായ സഭാജീവിതത്തിന്റെ സ്വാധീനത്തിൻകീഴിലേക്ക് കൊണ്ടുവരേണ്ട അടിയന്തിരമായ ആവശ്യമുണ്ട്.

വാക്യം 13-ൽ "നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു" എന്ന് കർത്താവു പറയുകയും, വാക്യം 14-ൽ "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്ന് അവൻ പറയുകയും ചെയ്തു. യവനഭാഷയിൽ ഇവിടത്തെ സർവ്വനാമം ബഹുവചനമാണ്. ഈ രണ്ടു വാക്യങ്ങളിലുമുള്ള "നിങ്ങൾ" ഒരു വ്യക്തിയെയല്ല, ഒരു സംഘാത ജനത്തെയാണ് പരാമർശിക്കുന്നത്. മിക്ക വായനക്കാരും ഈ വാക്യങ്ങളെ ഒറ്റയായ വ്യക്തികളോട് പ്രയോഗിക്കുന്നു. 3 മുതൽ 12 വരെയുള്ള വാക്യങ്ങളിലെ ഒമ്പത് അനുഗ്രഹങ്ങൾ ഉള്ളവർ ഒറ്റയായ വ്യക്തികളല്ല, ഒരു സംഘാത ജനമാണ്. അതുകൊണ്ട് ഉപ്പിനെയും വെളിച്ചത്തെയും കുറിച്ചുള്ള കർത്താവിന്റെ വാക്ക് വ്യക്തികളെ സംബന്ധിച്ചതല്ല. വ്യക്തികളെന്ന നിലയിൽ നമുക്കാർക്കും ശരിയായ ഉപ്പോ, ശരിയായ വെളിച്ചമോ ആയിരിക്കുവാൻ കഴിയുകയില്ല. വാക്യം 14-ൽ കർത്താവു നമ്മെ വ്യക്തികളായ കല്ലുകളോടല്ല, ഒരു പട്ടണത്തോട് ഉപമിക്കുന്നു. ഇവിടെ കർത്താവിന്റെ വാക്ക് വ്യക്തികളെ ഉദ്ദേശിച്ചല്ല, പിന്നെയോ ഉന്നതമായ ഒരു തലത്തിൽ ഒരുമിച്ചു പണിയപ്പെട്ട ഒരു സംഘാത ജനത്തെ ഉദ്ദേശിച്ചാണെന്ന് ഇത് വ്യക്തമായി വെളിപ്പെടുത്തുന്നു. "നിങ്ങൾ ലോകത്തിന്റെ വെളിച്ചങ്ങളാകുന്നു" എന്ന് കർത്താവു പറഞ്ഞില്ല. അവൻ പറഞ്ഞു, "നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു." ബഹുവചനമായ "നിങ്ങൾ" കേവലം ഒരു വെളിച്ചമാണ്.

ലോകത്തിന്മേലുള്ള രാജ്യജനത്തിന്റെ സ്വാധീനം വ്യക്തിപരമായ ഒരു വിഷയമാണെന്ന് ചിന്തിക്കരുത്. വ്യക്തിപരമായി ആത്മികനായിരിക്കുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ നിങ്ങൾ വിജയിക്കുകയില്ല. വ്യക്തിപരമായ ആത്മികത നിങ്ങൾ അല്പമായി നേടിയാൽപോലും അത് ഒരു അർബുദമായിരിക്കും.

വ്യക്തിപ്രാധാന്യമുള്ള സകല ആത്മികതയും മുഴുവൻ ശരീരത്തിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ള പോഷണത്തെ അതിലേക്ക് ആഗിരണം ചെയ്യുന്ന ഒരു അർബുദമാണ്. അർബുദം രോഗാണുക്കളാൽ ഉണ്ടാകുന്നതല്ല; അത് ശരീരത്തിൽനിന്നും വേർപെടുകയും അവയ്ക്കുവേണ്ടി മാത്രം കരുതുകയും ചെയ്യുന്ന ശരീരകോശങ്ങളാൽ ഉണ്ടാകുന്നതാണ്. വ്യക്തിപ്രാധാന്യത്തോടെ ആത്മികനായിരിക്കുവാൻ നിങ്ങൾ ഉദ്യമിക്കുന്നുവെങ്കിൽ നിങ്ങൾ ഒരു അർബുദമായിത്തീരും. ഈ മുന്നറിയിപ്പിന്റെ വാക്ക് നാം എല്ലാവരും കേൾക്കേണ്ടതാവശ്യമാണ്.

കഴിഞ്ഞ ഇരുപത്തഞ്ചു വർഷത്തിൽ, ആത്മികത ഒരു വ്യക്തിപ്രാധാന്യമായ വിഷയമല്ലെന്ന് കാണുവാൻ എനിക്ക് ഇടയായി; അത് തികച്ചും ഒരു സംഘാത വിഷയമാണ്. ശാരീരിക ആരോഗ്യത്തിന്റെ ഉദാഹരണമെടുക്കുക. നമ്മുടെ ശരീരത്തിന്റെ ആരോഗ്യം വ്യതിരിക്തമായ അവയവങ്ങളുടെ വിഷയമല്ല; അത് ഒരു സംഘാത വിഷയമാണ്. നമ്മുടെ ചെവികൾ ആരോഗ്യമുള്ളവയാണെന്ന് നാം പറയാറില്ല, മറിച്ച് നമ്മുടെ ശരീരം ആരോഗ്യമുള്ളതെന്നു നാം പറയുന്നു. നിങ്ങളുടെ ചെവികൾ ആരോഗ്യമുള്ളവയല്ലെങ്കിൽ, നിങ്ങളുടെ ശരീരവും ആരോഗ്യമുള്ളതാവില്ല. അങ്ങനെ, ആരോഗ്യം മുഴുവൻ ശരീരത്തിന്റെ ഒരു വിഷയമാണ്.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ, വ്യക്തിപരമായി ഞാൻ ഉപ്പും വെളിച്ചവുമായിരിക്കണമെന്നു ചിന്തിച്ചുകൊണ്ട് ഉപ്പിനെയും വെളിച്ചത്തെയും കുറിച്ചുള്ള ഈ വാക്യങ്ങളിലെ കർത്താവിന്റെ വാക്കിനെ വ്യക്തിപ്രാധാന്യമുള്ള ഒരു രീതിയിൽ എടുത്തിരുന്നു. എന്നാൽ ഉപ്പായിരിക്കുന്നത് ഒരു സംഘാത കാര്യമാണെന്ന് ഇപ്പോൾ ഞാൻ കാണുന്നു. രാജ്യജനം ഉപ്പും വെളിച്ചവുമായ ഒരു സംഘാത ഉണ്മയാണെന്ന വസ്തുതയാൽ നാം മതിപ്പുള്ളവരാകണം. സഭാജീവിതത്തിൽനിന്നും നമ്മെത്തന്നെ നാം വേർപെടുത്തുന്നുവെങ്കിൽ, നമുക്ക് ഉപ്പോ വെളിച്ചമോ ആയിരിക്കുവാൻ കഴിയുകയില്ല.

ഉപ്പും വെളിച്ചവും, രാജ്യത്തിന്റെ സംഘാത ജനത്തെയാണ് പരാമർശിക്കുന്നത്. ഇന്ന് സഭാജനം രാജ്യജനമാണ്. അച്ചടക്കത്തെയും വ്യായാമത്തെയും സംബന്ധിച്ച് നാം രാജ്യജനമാണ്. എന്നാൽ ജീവനെയും കൃപയെയും സംബന്ധിച്ച് നാം സഭാജനമാണ്. ഈ വാക്യങ്ങളിൽ അത് വ്യായാമത്തിന്റെയും അച്ചടക്കത്തിന്റെയും ഒരു വിഷയമാണ്; തന്മൂലം, അത് രാജ്യജനത്തെ സംബന്ധിച്ചതാണ്. ഒരു സംഘാത ശരീരമെന്ന നിലയിൽ രാജ്യജനം മൊത്തത്തിൽ ഉപ്പും വെളിച്ചവും ആണ്.

വാക്യം 13-ൽ കർത്താവ് ഭൂമിയെക്കുറിച്ചും വാക്യം 14-ൽ അവൻ ലോകത്തെക്കുറിച്ചും സംസാരിക്കുന്നു. ഭൂമിക്കും ലോകത്തിനും തമ്മിൽ ഒരു വ്യത്യാസമുണ്ട്; ഈ പദപ്രയോഗങ്ങൾ

സമാനാർഥകമല്ല. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടത് ഭൂമിയും, സാത്താന്റെ ദൂഷിപ്പിക്കലിലൂടെ കടന്നുവന്നത് ലോകവും ആണ്. ദൈവം സൃഷ്ടിച്ച ഭൂമിക്ക് രാജ്യജനം ഉപ്പാണ്. എന്നാൽ സാത്താൻ ദുഷിപ്പിച്ച ലോകത്തിന് അവർ വെളിച്ചമാണ്. നാം ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാണ്.

## A. ഭൂമിയുടെ ഉപ്പായിരിക്കുന്നത്

### *1. ഭൂമിയിൽനിന്നും ദുഷിപ്പിന്റെ അണുക്കളെ കൊല്ലുകയും ഇല്ലാതാക്കുകയും ചെയ്യുന്നു*

നാം ഉപ്പാണെന്നു പറയുമ്പോൾ അത് അർഥമാക്കുന്നത് ദൈവം സൃഷ്ടിച്ച ഭൂമിയെ അതിന്റെ ആരംഭസ്ഥിതിയിൽ കാക്കേണ്ടതിന് അതിന്മേൽ നമ്മുടെ സ്വാധീനം പ്രയോഗിക്കുക എന്നാണ്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഭൂമിക്ക് വീഴ്ച ഭവിച്ചു. ഒരു അർഥത്തിൽ, അത് അഴുകിയതും ദുഷിച്ചതുമായി ത്തീർന്നു. ഉപ്പ് അണുക്കളെ കൊല്ലുകയും ഈ ദുർഗന്ധത്തെ ഇല്ലാതാക്കുകയും ചെയ്യുന്നു. ഉപ്പ് അണുക്കളെ കൊല്ലുകയും, ദുർഗന്ധത്തെ ഇല്ലാതാക്കുകയും, വസ്തുക്കളെ അവയുടെ ആരംഭാവസ്ഥയിൽ സൂക്ഷിക്കുകയും ചെയ്യുന്നുവെന്ന് ചികിത്സിക്കുന്ന ഏതു ഡോക്ടർക്കും പറയുവാൻ കഴിയും. പ്രകൃതത്താൽ, ഉപ്പ് ദുഷിപ്പിക്കുന്ന അണുക്കളെ കൊല്ലുകയും അവയെ ഇല്ലാതാക്കുകയും ചെയ്യുന്ന ഒരു പദാർത്ഥമാണ്. അങ്ങനെ, അതിന്റെ കൊല്ലുന്നതും സൂക്ഷിക്കുന്നതുമായ പ്രവർത്തനത്തിലൂടെ ഉപ്പ് ഭൂമിയെ അതിന്റെ ആരംഭാവസ്ഥയിലേക്ക് കൊണ്ടുവരുകയോ അതിന്റെ ആരംഭസ്ഥിതിയിൽ കാക്കുകയോ ചെയ്യുന്നു. തന്മൂലം, ഉപ്പിന്റെ പ്രവർത്തനം ദൈവം സൃഷ്ടിച്ചതിനെ സംരക്ഷിക്കുക എന്നതാണ്. മുഴുവൻ ഭൂമിയും കൂടുതൽ കൂടുതൽ അഴുകിയതായിത്തീർന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട്, ഈ ദുഷിച്ച ഭൂമിയുടെമേൽ നമ്മുടെ സ്വാധീനം നാം ചെലുത്തണം. ദുഷിപ്പിക്കപ്പെട്ട ഭൂമിക്ക്, മുഴുവനായി ദുഷിപ്പിക്കപ്പെടുന്നതിൽ നിന്നും ഭൂമിയെ കാത്തുകൊള്ളുന്ന പദാർത്ഥമാണ് സ്വർഗരാജ്യത്തിന്റെ ജനം.

### *2. രുചിയില്ലാത്തതായിത്തീരാനുള്ള സാധ്യത*

വാക്യം 13-ൽ കർത്താവു പറഞ്ഞു, "എന്നാൽ ഉപ്പ് രുചിയില്ലാത്തതായിത്തീർന്നാൽ എന്തിനാൽ അതിന് ഉപ്പുരസം വരുത്തും? പുറത്തുകളഞ്ഞിട്ട് മനുഷ്യരാൽ ചവിട്ടി മെതിക്കപ്പെടുവാനല്ലാതെ ഒന്നിനും അതു കൊള്ളുന്നതല്ല." രാജ്യജനം രുചിയില്ലാത്തതായിത്തീരുകയെന്നാൽ അവർ ഉപ്പുരസം വരുത്തുക എന്ന അവരുടെ പ്രവർത്തനത്തെ നഷ്ടമാക്കി എന്നാണ്. അവിശ്വാസികളിൽനിന്നും

അവരെ വേർതിരിച്ചറിയുവാൻ യാതൊന്നുമില്ലാതെ, അവർ ഭൗമികരായ ആളുകളെപ്പോലെ ആയിത്തീർന്നിരിക്കുന്നു. രുചിയില്ലാത്തതായിത്തീരുന്നത് നാമും ലൗകിക ജനവും തമ്മിലുള്ള വത്യാസം നഷ്ടപ്പെടുത്തുന്നതാണ്. അത് ലൗകികരെപ്പോലെ തന്നെയായിത്തീരുന്നതാണ്. ലൗകിക ജനത്തെപ്പോലെ തന്നെയായിത്തീരുന്നത് 3 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന സ്വഭാവത്തിന് വിപരീതമാണ്. അത് അർഥമാക്കുന്നത് നാം ഇനിമേൽ ആത്മാവിൽ ദരിദ്രരും, പ്രതിലോമ സാഹചര്യത്തിൽ വിലപിക്കുന്നവരും, സൗമ്യതയുള്ളവരും, നീതി നിമിത്തം വിശന്നു ദാഹിക്കുന്നവരും, കരുണയുള്ളവരും, ദൈവത്തെ അന്വേഷിക്കുന്നതിൽ നിർമ്മലരും, സമാധാനം ഉണ്ടാക്കുന്നവരും, നീതി നിമിത്തം ഉപദ്രവിക്കപ്പെടുവാൻ മനസ്സുള്ളവരും, ക്രിസ്തു നിമിത്തം നിന്ദിക്കപ്പെടുവാൻ മനസ്സുള്ളവരും അല്ലെന്നാണ്. അത് അർഥമാക്കുന്നത് നാം ലൗകികരായ ആളുകളെപ്പോലെ ജീവിക്കുകയും, നടക്കുകയും, പെരുമാറുകയും ചെയ്യുന്നു എന്നാണ്. ഇതാണ് നമ്മുടെ അവസ്ഥയെങ്കിൽ, നാം രുചിയില്ലാത്തവരായിത്തീരുകയും, ഉപ്പിന് അതിന്റെ പ്രവർത്തനം നഷ്ടമാക്കുകയും ചെയ്യിരിക്കുന്നു.

ലോത്തിന്റെ ഭാര്യ ഇതിനൊരു ദൃഷ്ടാന്തമാണ് (ഉല്പ. 19:26). അവൾ ഒരു ഉപ്പുതൂണായിത്തീർന്നു; ഉപ്പ് അതിന്റെ പ്രവർത്തനത്തെ നഷ്ടമാക്കി എന്നാണ് അതു സൂചിപ്പിക്കുന്നത്. ഉപ്പ് ഒരു തൂണായിത്തീരുമ്പോൾ, മുഖ്യമായും അതിന്റെ രുചി അത് നഷ്ടപ്പെടുത്തിയതുകൊണ്ട്, അതിന് പ്രവർത്തിക്കുവാൻ കഴിയുകയില്ല. ലോത്തിന്റെ ഭാര്യ ഒരു ഉപ്പുതൂണായിത്തീർന്നു എന്ന വസ്തുത നാമും ലോകവും തമ്മിലുള്ള വേർതിരിവ് നഷ്ടപ്പെടുത്താതിരിക്കുവാൻ നമുക്കുള്ള ശക്തമായ ഒരു മുന്നറിയിപ്പാണ്. നമ്മുടെ രുചി നാം ഒരിക്കലും നഷ്ടപ്പെടുത്തരുത്, മറിച്ച് അണുക്കളെ കൊല്ലുകയും, ദുർഗന്ധത്തെ ഇല്ലാതാക്കുകയും, വസ്തുക്കളെ അതിന്റെ ആരംഭസ്ഥിതിയിൽ സൂക്ഷിക്കുകയോ ദൈവ സൃഷ്ടിതമായ അവയുടെ സ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവരികയോ ചെയ്യുന്ന ഉപ്പുരസം വരുത്തുന്ന പ്രവർത്തനത്തെ നിലനിർത്തണം.

രാജ്യജനം ആയിരിക്കുന്നിടത്തെല്ലാം അവർക്കു ചുറ്റുമുള്ളവരുടെമേൽ ഉപ്പുരസം വരുത്തുന്ന ഒരു സ്വാധീനം അവർ പ്രയോഗിക്കണം. നമ്മുടെ അയൽപക്കങ്ങളിൽ അണുക്കളെ കൊല്ലുന്ന നമ്മുടെ പ്രവർത്തനം നാം പ്രയോഗിക്കണം. എന്നാൽ നാം ലൗകികരായ ആളുകളെപ്പോലെ ആയിത്തീരുന്നുവെങ്കിൽ, നമ്മുടെ പ്രവർത്തനവും നമ്മുടെ രുചിയും നാം നഷ്ടപ്പെടുത്തുന്നു. നമ്മുടെ രുചി നാം നഷ്ടപ്പെടുത്തിയതുകൊണ്ട് ഉപ്പുരസം വരുത്തുന്ന കഴിവ് ഇനിമേൽ നമുക്കില്ലാതിരിക്കുകയും ഉപ്പുരസം വരുത്തുന്ന പ്രവർത്തനം നമുക്ക് നിറവേറ്റുവാൻ കഴിയാതിരിക്കുകയും

ചെയ്യുന്നു. നമുക്ക് ഒമ്പത് അനുഗ്രഹങ്ങളിൽ വെളിപ്പെടുത്തിയിരിക്കുന്ന രാജ്യജനത്തിന്റെ പ്രകൃതമുണ്ടെങ്കിൽ, നാം വാസ്തവമായും ഉപ്പുരസമുള്ളവരായിരിക്കും. നമ്മുടെ ബന്ധുക്കൾക്കും മരുമക്കൾക്കും നാം ഉപ്പായിരിക്കും. നാം ആത്മാവിൽ ദരിദ്രരും, വിലപിക്കുന്നവരും, സൗമ്യതയുള്ളവരും, കരുണയുള്ളവരും, ദൈവത്തെ അന്വേഷിക്കുന്നതിൽ നിർമ്മലരും ആണെങ്കിൽ, ഉപ്പുരസം വരുത്തുന്ന പ്രവർത്തനം നമുക്കുണ്ടായിരിക്കും. മറ്റുള്ളവരെ ശാസിക്കുകയോ അവരുടെ തെറ്റുകളെയും ദുഷ്കൃത്യങ്ങളെയും ചൂണ്ടിക്കാണിക്കുകയോ ചെയ്യേണ്ട ആവശ്യം ഉണ്ടായിരിക്കുകയില്ല. കേവലം നമ്മുടെ സാന്നിധ്യത്താൽ അവർ ഉപ്പുരസമുള്ളവരായിരിക്കും. ചിലപ്പോൾ ചില ദുഷ്ടന്മാർ നാം ഉപ്പുരസമുള്ളവരായതുകൊണ്ട് നമ്മിൽനിന്ന് അകന്ന് മാറിനിൽക്കും. ഇതാണ് ഈ ദുർഗന്ധം വമിക്കുന്ന ഭൂമിയുടെ അണുക്കളെ കൊല്ലുക എന്നതുകൊണ്ട് അർഥമാക്കുന്നത്.

കർത്താവിന്റെ ഉദ്ദേശ്യം ഈ ഭൂമിയെ അതിന്റെ ആരംഭ സ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവരിക എന്നതാണ്. ഇപ്പോഴത്തെ യുഗത്തിൽ നമുക്ക് അത് കാണുവാൻ കഴിയുകയില്ലെങ്കിലും, അടുത്ത യുഗത്തിൽ നാം അതു കാണും. സഹസ്രാബ്ദരാജ്യം വരുമ്പോൾ, മുഴുവൻ ഭൂമിയും ഉപ്പുരസമുള്ളതായിരിക്കും. ഈ ഭൂമിയിലുള്ള എല്ലാ അണുക്കളും പൂർണ്ണമായി കൊല്ലപ്പെടുകയും, സർവഭൂമിയെയും ക്രിസ്തു പുനരാർജിക്കുമെന്നു മാത്രമല്ല, ദൈവം സൃഷ്ടിച്ച അതിന്റെ സ്ഥിതിയിലേക്ക് മടക്കിക്കൊണ്ടുവരുകയും ചെയ്യും. ഈ വേല രാജ്യജനത്താൽ നടത്തപ്പെടും.

ഉപ്പുരസം നഷ്ടപ്പെടുത്തിയ ഉപ്പിനെ പുറത്തു കളയുമെന്നും മനുഷ്യരാൽ ചവിട്ടി മെതിക്കപ്പെടുമെന്നും വാക്യം 13-ൽ രാജാവു പറഞ്ഞു. പുറത്തു കളയുകയെന്നാൽ സ്വർഗരാജ്യത്തിൽനിന്ന് അകറ്റിനിർത്തുക എന്നാണ് (ലൂക്കൊ. 14:35). മനുഷ്യരാൽ ചവിട്ടി മെതിക്കപ്പെടുകയെന്നാൽ ഉപയോഗമില്ലാത്ത പൊടിയായി കരുതപ്പെടുന്നതാണ്.

## B. ലോകത്തിന്റെ വെളിച്ചമായിരിക്കുന്നത്

### *1. മലമേലുള്ള ഒരു പട്ടണമെന്നപോലെ*

വാക്യം 14 പറയുന്നു, "നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു." ഇരുട്ടിൽ ഇരിക്കുന്നവരെ പ്രകാശിപ്പിക്കുവാനുള്ള വിളക്കിന്റെ പ്രകാശിക്കലാണ് വെളിച്ചം. ഇരുണ്ട ലോകത്തിന് സ്വർഗരാജ്യത്തിന്റെ ജനം, ലോകത്തിന്റെ ഇരുട്ടിനെ തുടച്ചുമാറ്റുന്ന, ഇങ്ങനെയുള്ള ഒരു വെളിച്ചമാണ്. പ്രകൃതത്തിൽ അവർ സൗഖ്യമാക്കുന്ന ഉപ്പും, പെരുമാറ്റത്തിൽ അവർ പ്രകാശിക്കുന്ന വെളിച്ചവും ആണ്.

പ്രകാശിക്കുന്ന വെളിച്ചമെന്ന നിലയിൽ, രാജ്യജനം ഒരു മലയുടെ മുകളിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണം പോലെയാണ്. ഇങ്ങനെയുള്ള ഒരു പട്ടണത്തിനു മറഞ്ഞിരിക്കുവാൻ സാധ്യമല്ല. ഇത് ആത്യന്തികമായി പുതിയ യെരൂശലേമെന്ന വിശുദ്ധനഗരത്തിൽ പരിണതി പ്രാപിക്കുന്നു (വെളി. 21:10-11, 23-24). അനേകം വർഷക്കാലം മലമുകളിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണത്തെക്കുറിച്ചുള്ള കർത്താവിന്റെ ദൃഷ്ടാന്തം എന്നെ വിഷമിപ്പിച്ചിരുന്നു. ഞാൻ സഭാജീവിതത്തിൽ വരുന്നതുവരെ വെളിച്ചത്തെ എങ്ങനെ പണിയപ്പെട്ട ഒരു നഗരത്താൽ ഉദാഹരിക്കുവാൻ കഴിയുമെന്ന് മനസ്സിലാക്കുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല. സഭയുടെ പ്രായോഗികമായ കെട്ടുപണിയിൽ ഞാൻ ആയിരുന്നതിനുശേഷം, ഒരുമിച്ച് പണിയപ്പെടുന്നതിനാൽ മാത്രമേ രാജ്യജനത്തിന് മലമുകളിൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണമായിരിക്കുവാൻ കഴിയുകയുള്ളൂവെന്ന് ഞാൻ കണ്ടു. ഈ പട്ടണം പ്രകാശിക്കുന്ന ഒരു വെളിച്ചമായിത്തീരുന്നു. അനഹേമിൽ വിശുദ്ധന്മാർ അവരുടെ അയൽപക്കങ്ങളിൽ ഒരുമിച്ച് കൂടിവരുന്നു. ഈ അനുഷ്ഠാനം പ്രബലമായിത്തീരുകയും, ഈ കൂട്ടങ്ങളിലുള്ള വിശുദ്ധന്മാർ ഒരുമിച്ച് പണിയപ്പെടുകയും ചെയ്യുന്നുവെങ്കിൽ എല്ലാ കൂട്ടങ്ങളും മലമുകളിൽ സ്ഥിതിചെയ്യുന്ന പ്രകാശിക്കുന്ന പട്ടണത്തിന്റെ ഭാഗമായിരിക്കും.

ഈ മൂന്ന് അധ്യായങ്ങളിൽ കർത്താവായ യേശു "സഭ" എന്ന പദം ഉപയോഗിച്ചില്ല. എങ്കിലും, ഈ അധ്യായങ്ങളിൽ നിരവധി തവണ ഉപയോഗിച്ച "രാജ്യം" എന്ന പദം വാസ്തവത്തിൽ സഭയെ പരാമർശിക്കുന്നു. മത്തായി 5, 6, 7 എന്നീ അധ്യായങ്ങളിൽ പറഞ്ഞിരിക്കുന്ന രാജ്യം അച്ചടക്കത്തെയും വ്യായാമത്തെയും സംബന്ധിച്ച സഭയുടെ ആ വശമാണ്. സഭ രാജ്യത്തിനു വേണ്ടിയുള്ള കൃപയുടെയും ജീവന്റെയും വശമാണ്; രാജ്യം സഭയ്ക്കു വേണ്ടിയുള്ള അച്ചടക്കത്തിന്റെയും വ്യായാമത്തിന്റെയും വശമാണ്. അതുകൊണ്ട്, രാജ്യത്തെ സംബന്ധിച്ച ഈ അധ്യായങ്ങളിലെ കർത്താവിന്റെ വാക്ക് വാസ്തവത്തിൽ സഭയിലെ വ്യായാമത്തെയും അച്ചടക്കത്തെയും പരാമർശിക്കുന്നു.

നാം കണ്ടതുപോലെ, നിരവധി ക്രിസ്ത്യാനികൾ ഈ അധ്യായങ്ങളെ വ്യക്തിപ്രാധാന്യമുള്ള ഒരു രീതിയിൽ മനസ്സിലാക്കുന്നു. ഈ ഭരണഘടന വ്യക്തികൾക്കു വേണ്ടിയുള്ളതല്ല, മറിച്ച് ഒരു സംഘാത ജനത്തിനു വേണ്ടിയുള്ളതാണെന്ന് മിക്കവരും കണ്ടിട്ടില്ല. വെളിച്ചം ഒറ്റയായ ഒരു വ്യക്തിയല്ല, മറിച്ച് പണിയപ്പെട്ട ഒരു പട്ടണമായതുകൊണ്ട്, ഈ വിളംബരം ഒരു സംഘാത ജനത്തിനു വേണ്ടിയുള്ളതാണെന്ന് നമുക്കറിയാം. രാജ്യജനത്തിന് കെട്ടുപണി ആവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു. നിങ്ങളുടെ സ്ഥലത്തുള്ള സഭയിലെ വിശുദ്ധന്മാർ പണിയപ്പെടാതെ

ചിതറിയും, വിഭജിച്ചും, വേർപെട്ടും ഇരിക്കുന്നുവെങ്കിൽ, അവിടെ പട്ടണമില്ല. വെളിച്ചം പട്ടണമായതിനാൽ, പട്ടണം ഇല്ലാതിരിക്കുന്നിടത്തോളം അവിടെ വെളിച്ചമില്ല; വെളിച്ചം ഒറ്റയായ വിശ്വാസിയല്ല. വെളിച്ചം, ചുറ്റുമുള്ള ജനത്തിന്മേൽ പ്രകാശിക്കുന്നതിന് ഒരു ഉണ്മയായി പണിയപ്പെട്ട ഒരു സംഘാത പട്ടണമാണ്. ഇന്നത്തെ ക്രിസ്തുമതത്തിൽ ഇങ്ങനെയുള്ള ഒരു കാര്യം കണ്ടെത്തുക അസാധ്യമാണ്. എന്നാൽ കർത്താവിന്റെ പ്രത്യുദ്ധാരത്തിലെ എല്ലാ സ്ഥലം സഭയും ഒരു പണിയപ്പെട്ട പട്ടണമായിരിക്കണം.

വെളിപ്പാടുപുസ്തകത്തിൽ സഭകൾ പൊൻനിലവിളക്കുകളാണ് (വെളി. 1:20). പട്ടണത്തിന്റെയും നിലവിളക്കിന്റെയും തത്ത്വം ഒന്നുതന്നെയാണ്; ഒന്നും ഒറ്റയായതല്ല. രണ്ടും സംഘാതമാണ്. പട്ടണത്തെപ്പോലെ നിലവിളക്ക് ഒറ്റയായ ഒരു വിശ്വാസിയല്ല, അതു സഭയാണ്. നിങ്ങൾ സഭയ്ക്കു പുറത്താണെങ്കിൽ നിങ്ങൾ നിലവിളക്കിന്റെ ഒരു ഭാഗമല്ല. നിലവിളക്കിന്റെ ഭാഗമായിരിക്കേണ്ടതിന് നിങ്ങൾ സ്ഥലം സഭയിലേക്ക് പണിയപ്പെടണം. നിലവിളക്കായ സ്ഥലം സഭയെ കർത്താവ് ഒരു മലയുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന പണിയപ്പെട്ട പട്ടണത്തോട് ഉപമിച്ചു. നമ്മുടെ സ്ഥലത്തിൽ നാം പണിയപ്പെട്ടവരാണെങ്കിൽ നാം മലമുകളിലായിരിക്കും. എന്നാൽ നാം ചിതറിയവരും, വേർപെട്ടവരും, വിഭജിക്കപ്പെട്ടവരുമാണെങ്കിൽ, നാം ഒരു താണ താഴ്വരയിലായിരിക്കും. എല്ലാ സ്ഥലത്തും ഒരു നിലവിളക്ക്, ഒരു മലമേൽ സ്ഥിതിചെയ്യുന്ന ഒരു പട്ടണം, മാത്രമേ ഉണ്ടായിരിക്കാവൂ. ഇതിനുവേണ്ടി, നാം ഐക്യം കാക്കുകയും, ഒരു ഉണ്മയായി, ഒരു സംഘാത ശരീരമായി നിലനിൽക്കുകയും വേണം. അപ്പോൾ നാം പ്രകാശിക്കുവാൻ പ്രാപ്തരായിരിക്കും. എന്നാൽ നാം വിഭജിക്കപ്പെട്ടിരുന്നാൽ, പ്രകാശിക്കുന്ന കാര്യത്തിൽ നാം അവസാനിച്ചു. ക്രിസ്തുമതം അത്രത്തോളം വിഭജിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് അതിൽ പ്രകാശിക്കലില്ല. ക്രിസ്തുമതത്തിൽ നിരവധി വിഭാഗങ്ങളുണ്ട്. എന്നാൽ, കർത്താവിന്റെ പ്രത്യുദ്ധാരത്തിൽ സംഘാത ശരീരമെന്ന നിസ്തുല ഐക്യത്തിലേക്ക് നാം മടങ്ങിവരണം. നാം വാസ്തവമായും ഒരുമിച്ച് പണിയപ്പെട്ടു കഴിയുമ്പോൾ, നാം നമുക്കു ചുറ്റുമുള്ളവരുടെമേൽ പ്രകാശിക്കുന്ന മലമുകളിലെ ഒരു പട്ടണമായിരിക്കും.

### *2. വിളക്കുതണ്ടിന്മേലുള്ള വിളക്കെന്ന നിലയിൽ*

വാക്യം 15 പറയുന്നു, "വിളക്കു കത്തിച്ച് അതിനെ പറയിൻകീഴിലല്ല വിളക്കുതണ്ടിന്മേലത്രേ വയ്ക്കുന്നത്; വീട്ടിലുള്ള എല്ലാവർക്കും അതു പ്രകാശിക്കുന്നു." വെളിച്ചം പ്രകാശിക്കുന്നതിന് രണ്ടു വശങ്ങളുണ്ട്. ഒന്നാമത്തെ വശത്തിൽ പുറത്തുള്ളവരുടെമേൽ പ്രകാശിക്കുന്ന ഒരു പട്ടണത്തോട് വെളിച്ചത്തെ ഉപമിച്ചിരിക്കുന്നു. രണ്ടാമത്തെ വശത്തിൽ വെളിച്ചത്തെ വീട്ടിലുള്ളവർക്കു പ്രകാശിക്കുന്ന ഒരു വിളക്കുതണ്ടിലെ

വിളക്കിനോട് ഉപമിച്ചിരിക്കുന്നു. പട്ടണം പണിയപ്പെട്ട സഭയാണെന്നു നാം കണ്ടു, എന്നാൽ വീട് എന്താണ്? ഇവിടെ വീടും സഭയെ പരാമർശിക്കുന്നുവെന്ന് നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ വീടിനെ ഈ രീതിയിൽ വ്യാഖ്യാനിക്കേണ്ട ആവശ്യമില്ല. സന്ദർഭ മനുസരിച്ച്, വെളിച്ചം പ്രകാശിക്കുന്നതിന് രണ്ടു വശങ്ങളുണ്ടെ ന്നതാണ് മുഖ്യകാര്യം: ബാഹ്യമായ വശവും ആന്തരിക വശവും. ഒരു പട്ടണമെന്ന നിലയിൽ വെളിച്ചം പുറത്തുള്ളവരുടെമേൽ പ്രകാശിക്കുന്നു: എന്നാൽ വിളക്കുതണ്ടിന്മേൽ കത്തിച്ചു വച്ചിരിക്കുന്ന വിളക്ക് വീട്ടിലുള്ളവരുടെമേൽ പ്രകാശിക്കുന്നു. പട്ടണമെന്ന നിലയിൽ വെളിച്ചം ജനത്തിന്റെമേൽ പ്രകാശിക്കുന്നു, എന്നാൽ വീട്ടിലെ ഒരു വിളക്കെന്ന നിലയിൽ വെളിച്ചം ജനത്തിലേക്കു പ്രകാശിക്കുന്നു. ഇതു സൂചിപ്പിക്കുന്നത് മറ്റുള്ളവ രുടെമേലുള്ള നമ്മുടെ സ്വാധീനം ബാഹ്യമായി മാത്രമായിരിക്കരുത്, ആന്തരികമായും ആയിരിക്കണം എന്നാണ്.

ബാഹ്യമായി മറ്റുള്ളവരുടെമേൽ പ്രകാശിക്കുന്നതിന് നാം പണിയപ്പെടേണ്ടത് ആവശ്യമാണ്. എന്നാൽ മറ്റുള്ളവരിലേക്ക് ആന്തരികമായി പ്രകാശിക്കുന്നതിന് നാം യാതൊരു ആവരണവും ഇല്ലാത്തവരായിരിക്കണം. മലമേലുള്ള വെളിച്ചമെന്ന നിലയിൽ വെളിച്ചത്തിന് മറഞ്ഞിരിക്കുവാൻ കഴിയുകയില്ല: വിളക്കുതണ്ടിലെ വിളക്കെന്ന നിലയിൽ വെളിച്ചം മറഞ്ഞിരിക്കരുത്.

വിളക്ക് പറയിൻകീഴിൽ വയ്ക്കുന്നതിനെക്കുറിച്ച് വാക്യം 15-ൽ കർത്താവു സംസാരിക്കുന്നു. പറയിൻകീഴിൽ കത്തിച്ചുവച്ചിരി ക്കുന്ന വിളക്കിന് അതിന്റെ പ്രകാശം കൊടുക്കുവാൻ കഴിയുകയില്ല. കത്തിച്ച വിളക്കെന്ന നിലയിൽ രാജ്യജനം, വിചാരപ്പെടുവാൻ ഇടയാക്കുന്ന ഒരു കാര്യമായ (6:25), ഭക്ഷിക്കുന്നതുമായി ബന്ധപ്പെട്ട പറകൊണ്ട് മറയ്ക്കപ്പെടരുത്. നാം ഒരിക്കലും പറകൊണ്ട് മൂടപ്പെടരുത്: മറിച്ച്, നാം വിളക്കുതണ്ടിന്മേൽ ആയിരിക്കണം.

ഒരു പറകൊണ്ട് മൂടപ്പെട്ടിരിക്കരുതെന്ന് കർത്താവ് ജ്ഞാനത്തോടെ സംസാരിച്ചു. പുരാതനകാലത്ത് ധാന്യം അളക്കുവാൻ ഉപയോഗിക്കുന്ന പറ ഭക്ഷിക്കുന്നതിനോടു ബന്ധപ്പെ ട്ടതായിരുന്നു, അതുകൊണ്ട് ഒരു ഉപജീവനം ഉണ്ടാക്കുന്നതിനോടു ബന്ധപ്പെട്ട ഒന്നായിരുന്നു. അങ്ങനെ, വിളക്കിനെ പറയിൻകീഴിൽ മറച്ചുവയ്ക്കുന്നത് നമ്മുടെ ഉപജീവനത്തെ സംബന്ധിച്ച് ആകുലപ്പെടുന്നതിനെ സൂചിപ്പിക്കുന്നു. ക്രിസ്ത്യാനികളായ നാം നമ്മുടെ ഉപജീവനത്തെക്കുറിച്ച് വിചാരപ്പെടുന്നവരും എത്ര പണം ഉണ്ടാക്കുന്നു എന്നതിനെക്കുറിച്ച് ആശങ്കപ്പെടുന്നവരുമാണെങ്കിൽ, ഈ വിചാരം നമ്മുടെ വെളിച്ചത്തെ മറയ്ക്കുന്ന ഒരു പറയായിത്തീരും.

രാജ്യജനം ഒന്നാമത് പുറത്തുനിന്ന്, ബാഹ്യമായി ജനത്തിന്മേൽ ഒരു സ്വാധീനം ചെലുത്തുന്നു. എങ്കിലും, അപ്പോഴും നാം ഉള്ളിൽനിന്ന് അവരെ സ്വാധീനിക്കേണ്ട ആവശ്യമുണ്ട്. സഭ

മുഴുവനായി മലമുകളിലെ ഒരു പട്ടണമായി ഒരുമിച്ച് ജീവിക്കുമ്പോൾ, അതിനു ചുറ്റുമുള്ളവർ ഇങ്ങനെയുള്ള പണിയപ്പെട്ട ഒരു സഭയുടെ പ്രകാശിക്കലിൻ കീഴിലായിരിക്കും. എന്നാൽ ഇത് കേവലം പുറത്തുനിന്നുള്ള പ്രകാശിക്കലാണ്. സഭ മറ്റൊരു തരത്തിലുള്ള സ്വാധീനം, ജനത്തിലേക്കു കടക്കുന്ന ആന്തരിക പ്രകാശിക്കലിന്റെ സ്വാധീനം ചെലുത്തേണ്ട ആവശ്യവുമുണ്ട്. അങ്ങനെ, മലമുകളിലെ പട്ടണം പുറത്തുനിന്നു പ്രകാശിക്കുന്നതിനെയും, വീട്ടിലുള്ള വിളക്ക് അകത്തുനിന്നു പ്രകാശിക്കുന്നതിനെയും സൂചിപ്പിക്കുന്നു. നമ്മുടെ പ്രകാശിക്കൽ ജനത്തിനു പുറത്തുള്ളതു മാത്രം ആയിരിക്കരുത്, അവരുടെ അകത്തുള്ളതും ആയിരിക്കണം. ബാഹ്യമായി മറ്റുള്ളവരുടെമേൽ പ്രകാശിക്കുന്നതിന് നാം മലമുകളിൽ ഒരു പട്ടണമായി പണിയപ്പെടണം. എന്നാൽ ആന്തരികമായി അവരുടെമേൽ പ്രകാശിക്കുന്നതിന് നമ്മുടെ ആവരണത്തിൻ കീഴിൽനിന്നു നാം പുറത്തുവരണം. രാജ്യജനം വിചാരപ്പെടാതെയും തങ്ങളുടെ നിലനിൽപിനുവേണ്ടി കരുതാതെയും ജീവിക്കുന്നുവെന്ന് ഇതു സൂചിപ്പിക്കുന്നു. അവർ ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി മാത്രം കരുതുന്നു. ദിനംപ്രതി അവർ സന്തോഷമുള്ള ജനം, സ്തുതിക്കുന്ന ജനം, ഹല്ലേലൂയ്യാ ജനം ആണ്. നമ്മുടെ അയൽവാസികളും, ബന്ധുക്കളും, സഹപാഠികളും നമ്മെ ബന്ധപ്പെടുമ്പോൾ, നമുക്ക് യാതൊരു വിചാരവും ഇല്ലെന്ന് അവർക്ക് ബോധ്യപ്പെടുവാൻ കഴിയും. നമ്മുടെ ഉപജീവനത്തെക്കുറിച്ച്, നാം എന്തു തിന്നുമെന്നോ നാം എന്തു ധരിക്കുമെന്നോ, നാം ആകുലപ്പെടുന്നില്ല. ദിനംപ്രതി, രാവിലെയും രാത്രിയും, രാജ്യജനം ക്രിസ്തുവിനും സഭയ്ക്കുംവേണ്ടി മാത്രം കരുതുന്നു.

നമ്മുടെ വിചാരപ്പെടലിന്റെ അഭാവം മറ്റുള്ളവരെ സ്പർശിക്കുന്നുവെന്ന് അനുഭവത്തിൽനിന്നു നമുക്കറിയാം. ഒരുവൻ നിങ്ങളെ ബന്ധപ്പെടുന്ന ഓരോ സമയത്തും നിങ്ങൾ സന്തോഷവാനും കർത്താവിനെ ആസ്വദിക്കുന്നവനുമാണെങ്കിൽ അവൻ ആഴമായി സ്പർശിക്കപ്പെടും. ചിന്താകുലതയാൽ നിറഞ്ഞിരിക്കുകയും, മറ്റനേകം ആകുലതകളാൽ കൈവശമാക്കപ്പെടുകയും ചെയ്തിട്ട് ലൗകികരായ ആളുകൾ തങ്ങളുടെ ജോലി നഷ്ടപ്പെടുന്നതിനെക്കുറിച്ചോ അവരുടെ മേലധികാരിയുമായുള്ള പ്രയാസങ്ങളെക്കുറിച്ചോ സംസാരിക്കുന്നു. എന്നാൽ പറകൊണ്ട് മറയ്ക്കപ്പെടാത്ത ഹല്ലേലൂയ്യാ ജനമായ രാജ്യജനം ക്രിസ്തുവിനെയും സഭയെയും കുറിച്ചു മാത്രം സംസാരിക്കുവാൻ ശ്രദ്ധിക്കുന്നു. അങ്ങനെയുള്ള ഒരു ജനമായിരിക്കുന്നതിലൂടെ, നാം മറ്റുള്ളവരുടെ ഹൃദയങ്ങളെ സ്പർശിക്കുകയും, ഉള്ളിൽനിന്ന് അവരുടെമേൽ പ്രകാശിക്കുകയും ചെയ്യുന്നു. ഈ പ്രകാശിക്കൽ അവരിലേക്ക് തുളച്ചുകയറുന്നു.

രാജ്യജനത്തിന്റെ ബാഹ്യമായ പ്രകാശിക്കൽ പൊതുവായതും, അത് സമൂഹത്തിൽ എല്ലാവർക്കും കാണാൻ കഴിയുന്നതുമാണ്.

പണിയപ്പെട്ടവരും, മലമുകളിൽ സ്ഥിതിചെയ്യുന്നവരും, പ്രകാശി ക്കുന്നവരുമായ ഒരു കൂട്ടം ജനത്തെ സമൂഹത്തിന് കാണുവാൻ കഴിയും. മറിച്ച് ആന്തരികമായ പ്രകാശിക്കൽ സവിശേഷമാണ്. നിങ്ങളുടെ മച്ചുനന്മാരിൽ ഒരാൾ നിങ്ങളുടെ ചിന്താകുലതയില്ലാ യ്മയാലും നിങ്ങളുടെ പ്രകാശിക്കുന്ന മുഖത്താലും സ്പർശിക്കപ്പെടാം. അവൻ നിങ്ങളെ ബന്ധപ്പെടുമ്പോഴെല്ലാം ഒരു ഉപജീവനം ഉണ്ടാക്കു ന്നതിനെക്കുറിച്ച് നിങ്ങൾ സംസാരിക്കുന്നത് അവൻ ഒരിക്കലും കേൾക്കുന്നില്ല. പകരം, നിങ്ങൾ കർത്താവിനെ എപ്പോഴും സ്തുതിക്കുന്നതും സഭാജീവിതം എത്ര മനോഹരമാണെന്ന് നിങ്ങൾ പറയുന്നതും അവൻ കേൾക്കുന്നു. ഇത് അവന്റെ ആളത്തത്തിലേക്ക് തുളച്ചുകയറുന്നതും അവന്റെ ഉള്ളിൽ പ്രകാ ശിക്കുന്നതുമായ ഒരു വെളിച്ചമായിരിക്കും. ഈ വെളിച്ചം പ്രകാശി ക്കുന്നതിലൂടെ അവന് ബോദ്ധ്യംവരുന്നു. ഇത് പുറത്തുനിന്നുള്ള പൊതുവായ പ്രകാശിക്കലല്ല; ഇത് ഉള്ളിൽനിന്നുള്ള പ്രത്യേക പ്രകാശിക്കലാണ്. നാം ശരിയായ രാജ്യജനമാണെങ്കിൽ, ഈ രണ്ടുമടങ്ങ് പ്രകാശിക്കൽ നമുക്കുണ്ടായിരിക്കും. നാം നമുക്കു ചുറ്റുമുള്ള സകലരുടെയുംമേൽ പ്രകാശിക്കുന്ന മലമുകളിലുള്ള ഒരു പട്ടണമായിരിക്കുകയും, അവരുടെ ഇടയിൽ ഈ ജീവിതത്തെ ക്കുറിച്ചുള്ള യാതൊരു ചിന്താകുലതയോ കരുതലോ ഇല്ലാതെ അവരുടെമേൽ പ്രകാശിക്കുന്ന ഹല്ലേലൂയ്യാ ജനമായിരിക്കുകയും ചെയ്യും. ആന്തരികമായ ഈ പ്രകാശിക്കൽ മറ്റുള്ളവരുടെ ആന്തരിക ആളത്തത്തിലേക്ക് തുളച്ചുകയറുകയും, അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.

### *3. സ്വർഗത്തിലുള്ള പിതാവിനെ മഹത്വപ്പെടുത്തുന്നു*

ആത്യന്തികമായി, നമ്മുടെ പ്രകാശിക്കലിന്റെ രണ്ടു വശങ്ങളും പിതാവിന് മഹത്വം കൊടുക്കും. വാക്യം 16 പറയുന്നു, "അങ്ങനെതന്നെ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ അവർ മഹത്വപ്പെടു ത്തുവാൻ തക്കവണ്ണം നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ മുമ്പാകെ പ്രകാശിക്കട്ടെ." പുതിയ രാജാവിന്റെ ശ്രോതാക്കളായിരുന്ന ശിഷ്യന്മാർ വീണ്ടുംജനിച്ച ദൈവമക്കളായിരുന്നുവെന്ന് പിതാവ് എന്ന അഭിധാനം തെളിയിക്കുന്നു (യോഹ. 1:12; ഗലാ. 4:6). ഇവിടെ സൽപ്രവൃത്തികൾ എന്നത് മനുഷ്യർ ദൈവത്തെ കാണുകയും അവർ ദൈവത്തിലേക്ക് കൊണ്ടുവരപ്പെടുകയും ചെയ്യുന്ന രാജ്യജനത്തിന്റെ പെരുമാറ്റമാണ്. നമ്മുടെ പ്രകാശിക്കൽ ദൈവം താൻ ആയിരിക്കുന്നതിനെ ആവിഷ്കരിക്കുന്നതു കൊണ്ട് പിതാവിനെ മഹത്വപ്പെടുത്തും. പിതാവായ ദൈവത്തെ മഹത്വപ്പെടുത്തുകയെന്നാൽ അവന് മഹത്വം കൊടുക്കുക എന്നാണ്. ആവിഷ്കരിക്കപ്പെട്ട ദൈവമാണ് മഹത്വം. തങ്ങളുടെ

പെരുമാറ്റത്തിലും സൽപ്രപ്യത്തികളിലും രാജ്യജനം ദൈവത്തെ ആവിഷ്ക്കരിക്കുമ്പോൾ മനുഷ്യർ ദൈവത്തെ കാണുകയും ദൈവത്തിന് മഹത്വം കൊടുക്കുകയും ചെയ്യുന്നു. മറഞ്ഞിരിക്കുന്ന ദൈവം ദൈവം തന്നെയാണ്. എന്നാൽ ദൈവം ആവിഷ്ക്കരിക്കപ്പെടുമ്പോൾ അത് ദൈവമഹത്വമാണ്. രാജ്യജനമെന്ന നിലയിൽ നമുക്ക് ഇങ്ങനെയുള്ള പ്രകാശിക്കുന്ന വെളിച്ചം ഉണ്ടെങ്കിൽ, ഈ പ്രകാശിക്കലിൽ ദൈവം ആവിഷ്ക്കരിക്കപ്പെടുകയും, നമുക്കു ചുറ്റുമുള്ള എല്ലാവരും മഹത്വത്തെ, ആവിഷ്ക്കരിക്കപ്പെട്ട ദൈവത്തെ കാണുകയും ചെയ്യും. നമ്മുടെ പ്രകാശിക്കലിൽ മറ്റുള്ളവർ ദൈവത്തെ കാണുമ്പോൾ അത് ദൈവത്തിന് മഹത്വമാണ്.

രാജ്യജനമായ നാം ആണ് ലോകത്തിന്റെ വെളിച്ചം. വെളിച്ചമെന്ന നിലയിൽ നാം മലമുകളിലുള്ള ഒരു പട്ടണംപോലെയും, ഒരു വീട്ടിൽ പ്രകാശിക്കുന്ന വിളക്കുപോലെയും ആണ്. മറ്റുള്ളവരുടെ കണ്ണുകളിൽ ദൈവത്തിന് മഹത്വം ഉണ്ടായിരിക്കുവാൻ, പുറമെനിന്നും അകമെനിന്നും ദൈവത്തെ ആവിഷ്ക്കരിക്കുവാൻ നാം പ്രകാശിക്കുന്നു. നമുക്കു ചുറ്റുമുള്ളവരുടെമേൽ നമുക്ക് ഇങ്ങനെയുള്ള ഒരു സ്വാധീനം ചെലുത്താം.